# BSNL EMPLOYEES UNION

(Regd. under Indian Trade Union Act 1926. Regn. No. 4896)

KERALA CIRCLE

P&T House, Thiruvananthapuram 695001.

BSNLEU

സർക്കുലർ നമ്പർ: 12/2018-2020 തീയതി: 24-05-2018

# വാക്കൗട്ട് സമരം - 28-5-2018

സഖാവെ,

ബി.എസ്.എൻ.എൽ.ന്റെ ഫുൾബോർഡ് യോഗം 28-05-2018 ൽ ഹൈദരാബാദിൽ ചേരുന്നു. ടവർ കമ്പനിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന ഡി.ഒ.ടി. നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് യോഗം. ടവർ കമ്പനി രൂപീകരണത്തിനെതിരെ ജീവനക്കാർ നടത്തുന്ന പ്രക്ഷോഭത്തെ അവഗണിച്ചു കൊണ്ടാണ് ബോർഡ് യോഗം ചേരുന്നത്. ഈ സാഹചര്യത്തിൽ AUAB അടിയന്തിര യോഗം ചേർന്ന് താഴെപറയുന്ന പ്രക്ഷോഭ പരിപാടികൾക്ക് രൂപം നൽകി.

1. ബോർഡ് യോഗം ചേരുന്ന ഹൈദരാബാദിൽ 28-5-2018 ന് എല്ലാ ജനറൽ സെക്രട്ടറിമാരും പങ്കെടുക്കുന്ന മഹാറാലി സംഘടിപ്പിക്കും.

2. എല്ലാ എക്സിക്യൂട്ടീവ്-നോൺ എക്സിക്യൂട്ടീവ് ജീവനക്കാരും അന്നേദിസവം (28-5-2018) ജോലിസ്ഥലത്തുനിന്ന് വാക്കൗട്ട് നടത്തി പ്രകടനങ്ങളും ജാഥകളും സംഘടിപ്പിക്കണം.

AUAB യുടെ സർക്കിൾ യോഗം 25-5-2018 ൽ തിരുവനന്തപുരത്ത് ചേർന്ന് പ്രക്ഷോഭ പരിപാടികൾ വിജയിപ്പിക്കുന്നതിനെ സംബന്ധിച്ച് തീരുമാനമെടുക്കും.

**കോർണർ യോഗങ്ങൾ വിജയകരമായി സമാപിച്ചു** ബി.എസ്.എൻ.എൽ. ലെ ആൾ യൂണിയൻ/അസോസിയേഷന്റെ നേതൃത്വത്തിൽ നടത്തിവന്ന പ്രചരണ പ്രവർത്തനങ്ങളും കോർണർ യോഗങ്ങളും വിജയകരമായി സമാപിച്ചു. പ്രതികൂല കാലാവസ്ഥയിലും, കേരളത്തിൽ എല്ലാ ജില്ലകളിലും വളരെ വിജയകരമായി യോഗങ്ങൾ സംഘടിപ്പിച്ച എല്ലാ കമ്മിറ്റികളെയും പ്രവർത്തകരേയും സർക്കിൾ യൂണിയൻ അഭിവാദ്യം ചെയ്യുന്നു. ടവർ കമ്പനി രൂപീകരണത്തിനെതിരെയുള്ള ഭാവി പ്രക്ഷോഭ പരിപാടികൾ അഖിലേന്ത്യാ നേതൃത്വം തീരുമാനിക്കും.

**കോർണർ യോഗങ്ങളെ സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകുവാൻ സി.എച്ച്.ക്യു. ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഓരോ ജില്ലയും നടത്തിയ യോഗങ്ങളുടെ എണ്ണം, സ്ഥലം, ഉദ്ഘാടകൻ, പങ്കെടുത്ത ട്രേഡ് യൂണിയൻ നേതാക്കന്മാർ, പങ്കാളിത്തം, മറ്റ് സംഘടനകളുടെ പങ്കാളിത്തം ഇതുമായി ബന്ധപ്പെട്ട് പ്രിന്റ് ചെയ്ത് വിതരണം ചെയ്ത നോട്ടീസുകളുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകണം.**

**സ: മണിബോസ് അനുസ്മരണദിനം:** മേയ് 19 ന് സ: മണിബോസിന്റെ 8-ാം ചരമദിനത്തിൽ, നവലിബറൽ നയങ്ങൾ ടെലികോം മേഖലയിൽ", "മതസൗഹാർദ്ദം" എന്നീ വിഷയങ്ങളെ ആസ്പദമാക്കി അനുസ്മരണ പരിപാടികൾ സംഘടിപ്പിക്കണമെന്ന് തീരുമാനിച്ചിരുന്നു. തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് ജില്ലകളിൽ അനുസ്മരണ പരിപാടികൾ സംഘടിപ്പിച്ചു.

**ശമ്പളപരിഷ്കരണം:** ബി.എസ്.എൻ.എൽ.ലെ നോൺ എക്സിക്യൂട്ടീവ് ജീവനക്കാരുടെ ശമ്പളപരിഷ്കരണ ചർച്ച ആരംഭിക്കുവാൻ ഡിപ്പാർട്ടുമെന്റ് ഓഫ് ടെലികോം (DOT) ബി.എസ്.എൻ.എൽ.നോട് ആവശ്യപ്പെട്ടിരിക്കുകയാണ് (No.F-62-2/2016.SU dt.27-4-2018). അതിന്റെ അടിസ്ഥാനത്തിൽ മാനേജമെന്റും അംഗീകൃത സംഘടനാ പ്രതിനിധികളും ഉൾപ്പെടുന്ന സംയുക്ത കമ്മിറ്റി രൂപീകരിച്ച് ചർച്ച ആരംഭിക്കണമെന്ന് ബി.എസ്.എൻ.എൽ. സി.എം.ഡി.യോട് യൂണിയൻ ആവശ്യപ്പെട്ടിട്ടുണ്ട്.

**ബോണസ് (PLI):** ബോണസുമായി ബന്ധപ്പെട്ട കമ്മിറ്റി യോഗം 16-5-2018 ൽ ചേർന്നു. 2015, 2016, 2017-2018 (31-12-2017 വരെ) യുള്ള ജീവനക്കാരുടെ എണ്ണം, കണക്ഷനുകളുടെ എണ്ണം, വരുമാനം എന്നിവ സംബന്ധിച്ച വിശദവിവരം യൂണിയൻ പ്രതിനിധികൾക്ക് നൽകി. 31-3-2015 ൽ ജീവനക്കാരുടെ എണ്ണം 2,25,512. എന്നാൽ 1-2-2018 ൽ 1,83,963. 2017 നെ അപേക്ഷിച്ച് മൊബൈൽ കണക്ഷൻ FTTH ബിബി കണക്ഷൻ എന്നിവ 2018 ൽ യഥാക്രമം 7.2% വും, 42.3% വും വർദ്ധിച്ചു. എന്നാൽ ലാൻഡ് ലൈൻ, വിൽ, ADSL BB എന്നിവ യഥാക്രമം 10%, 19.7%, 7.1% കുറഞ്ഞു. 2016-17 കമ്പനിയുടെ വരുമാനം 31,553 കോടിയാണ്. 2017-18 (31-12-2017 വരെ) വരുമാനം 16,268 കോടിയാണ്. ഈ സാഹചര്യത്തിൽ ഇതെല്ലാം പരിശോധിച്ച് ചെറിയൊരുതുക മാത്രമെ ബോണസ്സായി അനുവദിക്കാൻ കഴിയൂ എന്നാണ് മാനേജ്മെന്റ് നിലപാട്. മാനേജ്മെന്റിന്റെ ഈ വാദഗതി യൂണിയൻ പ്രതിനിധികൾ തള്ളിക്കളയുകയും, കഴിഞ്ഞ വർഷം നൽകിയ തുകയെക്കാൾ കൂടിയ തുക ബോണസ്സായി അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

**ഡെസിഗ്നേഷൻ കമ്മിറ്റി:** നോൺ എക്സിക്യൂട്ടീവ് വിഭാഗത്തിൽ ഒഴിവാക്കപ്പെട്ട കേഡറുകളുടെ ഡെസിഗ്നേഷനെ സംബന്ധിച്ച് 26-9-2017 ൽ കൂടിയ കമ്മിറ്റി പരിശോധിക്കുകയും തീരുമാനം എടുക്കുകയും ചെയ്തിരുന്നു. എന്നാൽ മാനേജ്മെന്റ് ബോധപൂർവ്വം കമ്മിറ്റി മിനിറ്റ്സിൽ മാറ്റം വരുത്തിയതിന്റെ ഫലമായി മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കാൻ കഴിഞ്ഞില്ല. 16-2-2018 ൽ കൂടിയ യോഗം ഈ വിഷയം പരിഹരിക്കുകയും അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. എന്നാൽ ആയ, പ്യൂൺ, സഫായിവാല, സ്വീപ്പർ എന്നീ കേഡറുകൾക്കു നൽകിയ അസിസ്റ്റന്റ് ടെലികോം ടെക്നീഷ്യൻ എന്ന പേര് അംഗീകരിക്കാൻ കഴിയില്ലെന്നും, പകരം പേര് നിർദ്ദേശിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. മാനേജ്മെന്റ് കമ്മിറ്റി തീരുമാനം ഭാഗികമായി അംഗീകരിക്കുമ്പോൾ തന്നെ വയർമാൻ കേഡറിനു നൽകിയ ജോയിന്റ് ടെലികോം ടെക്നീഷ്യൻ എന്ന പേര് നിഷേധിക്കരുതെന്ന് ആവശ്യപ്പെട്ടു. അടുത്ത യോഗം 31-5-2018 ൽ ചേരും.

**JE (TTA) പരീക്ഷ - G.M. (റിക്രൂട്ട്മെന്റ്) മായി വീണ്ടും ചർച്ച:** 28-01-2018 ൽ നടന്ന ജെ.ഇ. ഡിപ്പാർട്ടുമെന്റൽ പരീക്ഷയുടെ റിസൽട്ട് തികച്ചും നിരാശാജനകമാണ്. നിലവി

ലുള്ള 9145 ഒഴിവുകളിലേക്ക് പരീക്ഷ എഴുതിയവർ 1800 ഉം അതിൽ വിജയിച്ചവർ 95 പേരുമാണ് (ആകെയുള്ള ഒഴിവുകളുടെ ഒരു ശതമാനം). പരീക്ഷ എഴുതിയവരിൽ ഭൂരിഭാഗവും ഗ്രൂപ്പ്-ഡി കേഡറിൽപ്പെട്ടവരാണ്. അതുകൊണ്ടുതന്നെ പരീക്ഷയുടെ നിലവാരം ഇതുകൂടി പരിഗണിച്ചുകൊണ്ടായിരിക്കണമായിരുന്നു. എന്നാൽ കടുത്ത മത്സരപരീക്ഷയാണ് നടന്നത്. 2008 ൽ നടന്ന ഡയറക്ട് റിക്രൂട്ട്മെന്റ് പരീക്ഷ എഴുതിയവർക്ക് യോഗ്യതാ മാർക്കിൽ ഇളവ് വരുത്തി പരമാവധി ഉദ്യോഗാർത്ഥികളെ വിജയിപ്പിച്ചിരുന്നു. ഇവരെല്ലാം തന്നെ ബി.ടെക് ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ളവരാണ്. അതുകൊണ്ട് 28-1-2018 ൽ നടന്ന പരീക്ഷയിലും യോഗ്യതാ മാർക്കിൽ ഇളവു വരുത്തി പരമാവധി ജീവനക്കാരെ വിജയിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

**നോൺ എക്സിക്യൂട്ടീവ് ജീവനക്കാർക്ക് Plan 429 അനുവദിക്കണം:** 13-11-2017 ൽ കൂടിയ 35-ാം നാഷണൽ കൗൺസിൽ യോഗത്തിൽ ബി.എസ്.എൻ.എൽ. ലെ നോൺ എക്സിക്യൂട്ടീവ് ജീവനക്കാർക്ക് പ്ലാൻ 429 അനുവദിക്കാൻ ധാരണ ആയിരുന്നു. എന്നാൽ ഈ പ്ലാൻ ഭാവിയിൽ മാറാൻ സാദ്ധ്യതയുള്ളതിനാൽ ഈ തീരുമാനം കോർപ്പറേറ്റ് ഓഫീസിലെ അഡ്മിൻ വിംഗ് എതിർത്തു. അതുകൊണ്ട് പ്ലാൻ-429 ന് തുല്യമായ ഒരു പ്രത്യേക പ്ലാൻ രൂപീകരിച്ച് നോൺ എക്സിക്യൂട്ടീവ് ജീവനക്കാർക്ക് നൽകണമെന്ന് Dir (HR) നോട് ആവശ്യപ്പെട്ടു.

**ചൈൽഡ് കെയർ ലീവ്:** കേന്ദ്ര ഗവൺമെന്റ് ജീവനക്കാർക്ക് 6-ാം ശമ്പളകമ്മീഷൻ നിർദ്ദേശപ്രകാരം അനുവദിച്ച ചൈൽഡ് കെയർ ലീവ് നിരവധി സമ്മർദ്ദത്തിന്റെ ഫലമായിട്ടാണ് ബി.എസ്.എൻ.എൽ. ജീവനക്കാർക്ക് ബാധകമാക്കിയത്. തുടർന്ന് ഇതുമായി ബന്ധപ്പെട്ട് വന്ന എല്ലാ ഉത്തരവുകളും ബി.എസ്.എൻ.എൽ.ന് ബാധകമാക്കിയിരുന്നു. എന്നാൽ അംഗവൈകല്യമുള്ള കുട്ടികളുടെ പ്രായപരിധി നോക്കാതെ തന്നെ ചൈൽഡ് കെയർ ലീവ് അനുവദിക്കാമെന്ന DOP&T യുടെ 1-4-2016 ലെ ഉത്തരവ് ബി.എസ്.എൻ.എൽ.ന് ബാധകമാക്കിയിട്ടില്ല. ഈ ഉത്തരവ് ബി.എസ്.എൻ.എൽ. ജീവനക്കാർക്ക് ബാധകമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് യൂണിയൻ ആവശ്യപ്പെട്ടു.

**JE (TTA) പരീക്ഷ : SC/ST ജീവനക്കാരുടെ റിസൽട്ട് പുന:പരിശോധിക്കണം:** നിലവിലുള്ള ഉത്തരവുകൾ പ്രകാരം എസ്.സി.വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് 20% വും, എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് 15% വും മാർക്ക് ഓരോ വിഭാഗത്തിലും ലഭിച്ചാൽ അവരെ ജയിച്ചതായി പ്രഖ്യാപിക്കണം. മൊത്തം യോഗ്യതാമാർക്ക് ബാധകമല്ല. ആയതിനാൽ SC/ST വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ റിസൽട്ട് പുന:പരിശോധിക്കണമെന്ന് യൂണിയൻ ആവശ്യപ്പെട്ടു.

**STV 341 പകരം STV 319:** ഔട്ട്ഡോർ ജീവനക്കാർക്ക് നൽകിവന്നിരുന്ന STV 341 ഉൾപ്പെടെയുള്ള അഞ്ച് താരിഫ് പ്ലാനുകൾ കോർപ്പറേറ്റ് ഓഫീസ് നിർദ്ദേശപ്രകാരം സർക്കിൾ ഓഫീസ് പിൻവലിച്ചു. പകരം സംവിധാനം ഏർപ്പെടുത്താതെ STV 341 പിൻവലിച്ച നടപടിയിൽ യൂണിയൻശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. ഡാറ്റ ഉൾപ്പെടെ ലഭിക്കുന്ന തരത്തിലുള്ള മറ്റൊരു പ്ലാൻ ജീവനക്കാർക്ക് നൽകണമെന്ന് ആവശ്യപ്പെട്ട് ബഹു: CGMT

യുമായി ചർച്ച നടത്തി. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ STV 319 അനുവദിച്ചു കൊണ്ട് ഉത്തരവായി. (നം.CS/56-28/Prepaid SIM/2014-15/29 dt.22-5-2018). ഡാറ്റ ഉൾപ്പെടെയുള്ള പ്ലാൻ അനുവദിക്കുന്ന കാര്യം കോർപ്പേറേറ്റ് ഓഫീസിന്റെ അംഗീകാരത്തിനായി സമർപ്പിക്കും. നിലവിലെ പ്ലാൻ പ്രകാരം ലോക്കൽ/എസ്.റ്റി.ഡി. റോമിങ് കോളുകൾ പരിധിയില്ലാതെ വിളിക്കാം. ഡൽഹി, മുംബൈ ഒഴികെ ഇന്ത്യയിൽ എവിടെയും റോമിങ്, മറ്റ് നെറ്റ് വർക്കിലേക്ക് ഒരുദിവസം 200 മിനിട്ട്. 84 ദിവസം വാലിഡിറ്റിയും ഉണ്ടായിരിക്കും.

**FTTH കണക്ഷൻ:** FTTH കണക്ഷൻ നൽകുന്നതിൽ പല SSA കളും ഗുരുതരമായ കാലതാമസം വരുത്തുന്നതായി പല ജില്ലകളിൽ നിന്നും പരാതി ലഭിച്ചു. നല്ല രീതിയിൽ വരുമാനം ലഭിക്കുന്ന മേഖലയാണ് FTTH. എന്നാൽ എസ്.എസ്.എ. അധികാരികളുടെ അനാസ്ഥമൂലം പല ജില്ലകളിലും നിരവധി അപേക്ഷകൾ - കോട്ടയം (196), തൃശ്ശൂർ (146), ആലപ്പുഴ (143) കെട്ടിക്കിടക്കുന്നു. ഇത് ബഹു: സി.ജി.എം.ടി.യുടെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ എത്രയും വേഗത്തിൽ FTTH കണക്ഷൻ നൽകുന്നതിനുവേണ്ടി നടപടി സ്വീകരിക്കുവാൻ എസ്.എസ്.എ.കൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

**2018 ലെ ഡയറി:** 2018 ൽ ജീവനക്കാർക്ക് ലഭിക്കേണ്ട ഡയറി പല ജില്ലകളിലും വിതരണം ചെയ്തിട്ടില്ല. എന്നാൽ എക്സിക്യൂട്ടീവ് ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. ഈ വിവേചനപരമായ മാനേജ്മെന്റ് നിലപാടിലുള്ള പ്രതിഷേധം രേഖാമൂലംതന്നെ അറിയിച്ചിട്ടുണ്ട്. അഞ്ചുമാസം പിന്നിട്ട സാഹചര്യത്തിൽ ഡയറിക്കുപകരം ഡയറിയുടെ വില ജീവനക്കാർക്ക് നൽകണമെന്ന് യൂണിയൻ ആവശ്യപ്പെട്ടിട്ടുണ്ട്.

**ക്വാർട്ടേഴ്സ്:** മഴക്കാലത്തിനുമുമ്പുതന്നെ ക്വാർട്ടേഴ്സിന്റെ അറ്റകുറ്റ പണികൾ നടത്താൻ നടപടി സ്വീകരിക്കണം. അതോടൊപ്പം തന്നെ നിലവിൽ ഒഴിഞ്ഞു കിടക്കുന്ന ക്വാർട്ടേഴ്സുകളിൽ ആവശ്യമായ അറ്റകുറ്റപണികൾ നടത്തി, ഉപയോഗയോഗ്യമാക്കി നിലവിലുള്ള അപേക്ഷകർക്ക് നൽകുകയും അതിൽ നിന്നുള്ള വരുമാനം നഷ്ടപ്പെടാതിരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും മാനേജ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

അഭിവാദനങ്ങളോടെ,

**സി. സന്തോഷ് കുമാർ,**
സർക്കിൾ സെക്രട്ടറി.